പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 734

30.01.2019 ലെ മറുപടിയ്ക്ക്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിഹിതത്തിലെ വെട്ടിക്കുറയ്ക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൾ ഹമീദ് പി. | | എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബഡ്ജറ്റിൽ നീക്കി വച്ചിരുന്ന വിഹിതത്തിൽ വ്യാപകമായ വെട്ടിക്കുറയ്ക്കൽ വരുത്തിയിട്ടുണ്ടോ; ഇതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ) | പ്രളയ പുനരധിവാസ പദ്ധതിക്ക് ഊന്നൽ നൽകുന്നതിനായി സംസ്ഥാന പദ്ധതിയിൽ പൊതു 20 ശതമാനം വെട്ടിക്കുറവ് വരുത്തുന്നതിന്റെ ഭാഗമായി പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പദ്ധതിയിലും 20 ശതമാനം കുറവ് വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത ഉത്തരവിന്റെ നമ്പരും തീയതിയും വ്യക്തമാക്കാമോ; | (ബി) | ജി.ഒ. (ആർ.ടി) 4/2019 പ.ജ.പ.വ തീയതി 04.01.2019<br>ജി.ഒ. (ആർ.ടി) 1287/2018 പ.ജ.പ.വ തീയതി 31.12.2018<br>ജി.ഒ. (ആർ.ടി) 8/2019 പ.ജ.പ.വ തീയതി 04.01.2019<br>ജി.ഒ. (ആർ.ടി) 115/2019 പ.ജ.പ.വ തീയതി 28/01/2019 |
| (സി) | ഭൂരഹിത കുടുംബങ്ങൾക്കുള്ള ഭൂമി, വീട് നിർമ്മാണം, ആദിവാസികൾക്കുള്ള വിവിധ വികസന പദ്ധതികൾ എന്നീ മേഖലകളിൽ ഓരോന്നിലും എത്ര ശതമാനം വീതമാണ് വെട്ടിക്കുറച്ചിട്ടുള്ളത്; വിശദമാക്കുമോ ; | (സി) | പട്ടികജാതിക്കാരായ ഭൂരഹിത കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനുള്ള പദ്ധതിയിൽ വകയിരുത്തിയ 225 കോടിയിൽ 154.71 കോടി രൂപ ചെലവഴിച്ചു. ഭവന നിർമ്മാണത്തിന് വകയിരുത്തിയത് 380 കോടി രൂപയായിരുന്നു. എന്നാൽ ഈ ഇനത്തിൽ 380 കോടി രൂപയ്ക്ക് പുറമേ റീ-അപ്രോപ്രിയേഷനിലൂടെ 57 കോടി രൂപ കൂടി അധികം ചെലവഴിച്ചു.<br>പട്ടികവർഗ്ഗ മേഖലയിൽ മൊത്തം 20 ശതമാനം കുറവ് വരുത്തി. ബാക്കി തുകയുടെ 100 ശതമാനവും ചെലവഴിച്ചു. |
| (ഡി) | ഇത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് വിഘാതം സൃഷ്ടിക്കുമെന്നതിനാൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് വിഘാതം സൃഷ്ടിക്കുന്ന തരത്തിൽ പദ്ധതിയിൽ വെട്ടിക്കുറവ് ഉണ്ടായിട്ടില്ല. അധികം തുക ആവശ്യമായ പദ്ധതികളിലേക്ക് റീ അപ്രോപ്രിയേഷൻ മുഖേന അധിക തുക വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ